


# GVHSS

# RAMAVARMAPURAM

## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**

## ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
- നിലവിലെ അവസ്ഥ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ
- കാലം, ചുമതല, സാമ്പത്തിക വിശകലനം
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം

# 1. ആമുഖം

പ്രകൃതിരമണീയമായ ഒരു സമതലപ്രദേശത്താണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിടുന്ന ശബ്ദ മലിനീകരണങ്ങളോ വ്യവസായ സംരഭങ്ങളിൽ നിന്നുണ്ടാകുന്ന മലിനീകരണങ്ങളോ ഒട്ടും തന്നെ ബാധിക്കാതെ 6.25 ഏക്കറിൽ ശാന്തമായി പഠനാന്തരീക്ഷം നിലനിർത്താൻ സാധിക്കുന്നതാണ്. ഏറ്റവും വലിയ അനുഗ്രഹം.

ഈ വിദ്യാലയത്തിന്റെ തെക്കുഭാഗത്ത് ചേറൂരും പടിഞ്ഞാറ് വിയ്യൂരും കിഴക്ക് ആനപ്പാറയും വടക്ക് പാടൂക്കാടും ആണ് അതിർത്തിയായുള്ളത്. തൃശ്ശൂർ കോർപ്പറേഷന്റെ നാലാം ഡിവിഷനിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ജല ലഭ്യത കുറവായിരുന്നെങ്കിലും ഇപ്പോൾ അതിനും പരിഹാരമായി.

ആകാശവാണി, വിയ്യൂർ സെൻട്രൽ ജയിൽ, ചിൽഡ്രൻസ് ഹോം, എൻ.എസ്.എസ്. ബാലഭവൻ, പോലീസ് അക്കാദമി, ജി.യു.പി.സ്കൂൾ രാമവർമ്മപുരം, ദൂരദർശൻ കേന്ദ്രം, ഐ.എം.എ ബ്ലഡ്ബാങ്ക്, മൃഗാശുപത്രി, വില്ലേജ് ഓഫീസ്, ഹിന്ദി ട്രെയനിങ്ങ്, സെന്റർ, ഡയറ്റ്, എഞ്ചിനീയറിംഗ് കോളേജ്, വിമല കോളേജ് തുടങ്ങിയ പ്രശസ്ത സ്ഥാപനങ്ങൾ ഈ വിദ്യാലയത്തിന്റെ പരിസരങ്ങളിലായി സ്ഥിതി ചെയ്യുന്ന എല്ലാ മതവിഭാഗങ്ങളുടേയും ആരാധനാലയങ്ങളും ഇവിടെയുണ്ട്. മുഖ്യ തൊഴിൽ കൃഷിയും പരമ്പരാഗത തൊഴിലായ മൺപാത്ര നിർമ്മാണവുമാണ്.

## 2. ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത വിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിനു ദീഘ്ഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിററുക.
3. എൽ.കെ.ജി മുതൽ പന്ത്രണ്ടാം ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട  ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടജനു പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കല ണ്ടറും രൂപപ്പെടുത്തൽ.
4. അദ്ധ്യാപനവും അദ്ധ്യയനവും സർവ്വാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# 3. സ്കൂൾ ചരിത്രം

മനോഹരമായ ഒരു സമതല പ്രദേശമാണ് രാമവർമ്മപുരം. തെക്ക് ചേറൂരും പടിഞ്ഞാറ് വിയ്യൂരും, കിഴക്ക് ആനപ്പാറ, വടക്ക് പാടൂക്കാട് എന്നീ സ്ഥലങ്ങളാണ് അതിർത്തികളായിട്ടുള്ള ത്. തൃശ്ശൂർ കോർപ്പറേഷനിലെ 6-ാം ഡിവിഷനാണ് രാമവർമ്മപുരം. ജലലഭ്യതയുള്ള പ്രദേശ മാണ് എങ്കിലും വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടാറുണ്ട്. രമച്ചീനി, നെല്ല്, കശുമാവ്, തെങ്ങ്, കവുങ്ങ്, വാഴ എന്നിവ സാധാരണ കൃഷിയിനങ്ങളാണ്.

ആകാശവാണി തൃശ്ശൂർ നിലയം, ഐ.എം.എ ബ്ലഡ് ബാങ്ക് കോംപ്ലക്സ്, മൃഗാശുപത്രി, വില്ലേജ് ആഫീസ്, ഹിന്ദി ട്രെയിനിങ്ങ് സെന്റർ, പോലീസ് അക്കാദമി, വിയ്യൂർ സെൻട്രൽ ജയിൽ, തൃശ്ശൂർ ദൂരദർശൻ കേന്ദ്രം, ഡയറ്റ്, എഞ്ചിനീയറിങ്ങ് കോളേജ്. വിമല കോളേജ്, ചിൽഡ്രൻസ് ഹോം, എൻ.എസ്.എസ് ബാലഭവൻ എന്നീ പ്രസ്തുത സ്ഥാപനങ്ങൾ ഇവിടെ യുണ്ട്. ഗ്രാമീണരുടെ മുഖ്യ തൊഴിൽ കൃഷി തന്നെയാണ്. പള്ളി അമ്പലം എന്നിവയും ഇവിടെ യുണ്ട്. ഗ്രാമീണരുടെ മുഖ്യ തൊഴിൽ കൃഷി തന്നെയാണ്. മൺപാത്ര നിർമ്മാണം മെഴുകുതിരി നിർമ്മാണം, പായനെയ്ത്ത് എന്നീ പാരമ്പര്യ തൊഴിൽ ചെയ്യുന്നവരും ഇവിടെയുണ്ട്.

ഈ പ്രദേശത്ത് ആദ്യകാലത്തിന് വിദ്യാഭ്യാസത്തിനായി കുടിപ്പള്ളി കൂടങ്ങൾ ഉണ്ടായിരു ന്നതായി വ്യക്തമല്ല. സ്കൂൾ ഇരിക്കുന്ന സ്ഥലത്ത് മുമ്പ് ജയിൽ സന്ദർശിക്കാൻ വരുന്നവരുടെ വിശ്രമകേന്ദ്രമായിരുന്നു. യു.പി. സ്കൂളിന് 6 ഏക്കറോളം വരുന്ന ഭൂപ്രദേശമുണ്ട്. കൊച്ചി ദിവാ നായിരുന്ന ടി വിജയരാഘവാചാര്യ ഈ കെട്ടിടത്തിന് തറക്കല്ലിട്ടതായി രേഖപ്പെടുത്തിയിരിക്കു ന്നു. ശങ്കരയ്യ എന്നായിരുന്നു കെട്ടിടത്തിന്റെ പേര്. കേരളത്തിന്റെ തനതു കലാരൂപങ്ങളായ കഥ കളിയുടേയും മറ്റും ജലഛായ ചിത്രങ്ങൾ പ്രധാന ഹാളിന്റെ ചുമരുകളിൽ അലങ്കരിച്ചിരുന്നത് ഇപ്പോഴും അവിടെയുണ്ട് സ്കൂളിനു പിന്നിലെ ഗ്രൗണ്ടിനടുത്തായി പട്ടാളകിണർ എന്നറിയപ്പെ ടുന്ന വലിയൊരു കിണറുണ്ട്.

കൊച്ചി രാജ്യത്തെ ആദിയത്തെ ട്രെയിനിങ്ങ് സ്കൂൾ തൃശ്ശൂരിലാണ് തുടങ്ങിയത്. തൃശ്ശൂർ ടൗണിലെ ഇപ്പോഴത്തെ താലൂക്കാഫിന് അടുത്തിയി ആദ്യം പ്രവർത്തിച്ചിരുന്ന സ്ഥാപനം 1939-ൽ രാമവർമ്മപുരത്തേക്ക് മാറ്റി സ്ഥാപിച്ചതാണെന്ന് അറിയപ്പെടുന്നു. പ്രൈമറി അധ്യാപ കർക്കുള്ള പരിശീലനത്തിനായി 120പേർ വീതമുള്ള 6 ബാച്ചുകളായി നടത്തിയിരുന്നു. ഇതിനോ

ടനുബന്ധിച്ച് ഫീഡർ സ്കൂളായിട്ടാണ് യു.പി. സ്കൂൾ ആരംഭിച്ചത്. ട്രെയിനിങ്ങ് സ്കൂളിനോട നുബന്ധിച്ച് മലയാളം, സംസ്കൃതം, ഹിന്ദി തുടങ്ങിയ ഭാഷാധ്യാപക പരിശീലന ക്ലാസ്സുകളും നടത്തിയിരുന്നു. ഓരോ വിഷയങ്ങൾക്കും പ്രത്യേകം അധ്യാപകരുണ്ടായിരുന്നു. ഫിസിക്കൽ എഡ്യുക്കേഷൻ, ക്രാഫ്റ്റ്, ആർട്ട്, വീവിങ്ങ്, ബുക്ക് ബൈന്റിങ്ങ്, തുന്നൽ കൈക്കൊട്ടുകളി, മ്യൂസിക്ക് എന്നീ വിഷയങ്ങൾക്ക് പ്രത്യേകം അധ്യാപകരുണ്ടായിരുന്നു.

ബേസിക്ക് ട്രെയിനിങ്ങ് സ്കൂളായപ്പോൾ പ്രിൻസിപ്പാൾ തസ്തിക ആയിമാറി. 1964-66ൽ ടി.ടി.സി കോഴ്സ് 2 വർഷമാക്കി. 40 പേർ വരുന്ന 3 ബാച്ചുകളായി ചുരുങ്ങി. ബേസിക്ക് ട്രെയി നിങ്ങ് കോളേജിന്റെ കീഴിലായപ്പോൾ ആദ്യത്തെ പ്രിൻസിപ്പാൾ ശ്രീ ശങ്കരപ്പിള്ള ആയിരുന്നു. ശ്രീ കാളകണ്ഠമേനോൻ ഇവിടെ പ്രധാനധ്യാപകനായിരുന്നു. അദ്ദേഹം അറിയപ്പെടുന്ന വൈദി കനും കൂടിയായിരുന്നു. ശ്രീ കരുണാകരമേനോൻ, ശ്രീമതി നളിനി ടീച്ചർ എന്നിവർ ആദ്യക്കാല അദ്ധ്യാപകരായിരുന്നു. മലയാളം, സംസ്കൃതം ഭാഷാധ്യാപക കോഴ്സുകൾ നിർത്തലാക്കി. ഹിന്ദി പരിശീലനകേന്ദ്രം പ്രത്യേക കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. 1960നോടൊത്ത് ഹിന്ദി ട്രെയിനിങ്ങ് ആരംഭിച്ചതോടുകൂടി ഹൈസ്കൂൾ വിഭാഗം പ്രവർത്തനം ആരംഭിച്ചു. ആദ്യ ബാച്ച് എസ്.എസ്.എൽ.സി ട്രെയിങ് സ്കൂളിന്റെ പേരിലാണ് പരീക്ഷയെഴുതി യത്. പിന്നീട് ഹൈസ്കൂൾ പ്രത്യേക കോമ്പൗണ്ടിലേക്ക് മാറ്റി. ഡയറ്റ് ആരംഭിക്കുന്നതു വരെ ടി.ടി.സി ട്രെയിനിങ്ങും യു.പി.ക്ലാസ്സുകളും തുടർന്നു പോന്നു.

ആദ്യ കാലഘട്ടത്തിൽ എൽ.പി ക്ലാസ്സുകളായിരുന്നു കൂടുതൽ കുട്ടികളുണ്ടായിരുന്നത്. യു.പി. ക്ലാസ്സുകളിൽ പെൺകുട്ടികൽ കുറവായിരുന്നു. ചേറൂർ, വില്ലടം എന്നീ സ്കൂളിൽ എൽ. പി. സ്കൂൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അക്കാലത്ത് യു.പി. വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിന് ഇവിടേയ്ക്കാണ് വന്നിരുന്നത്. 1990നടുത്ത കാലഘട്ടത്തിൽ ഡയറ്റ് പ്രവർത്തനം ആരംഭിച്ച പ്പോൾ ടി.ടി.സി ട്രെയിനിങ്ങ്, ഡയറ്റിന്റെ കീഴിലാക്കുകയും ചെയ്തു. ഡയറ്റ് ഈ സ്കൂളിൽ നിന്നും 1 കി.മി അകലത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ കുട്ടികളുടെ അഡ്മിഷൻ, ടി.സി കൊടുക്കൽ, അദ്ധ്യാപകരുടെ ആവശ്യങ്ങൾ എന്നിവയ്ക്ക് ഇതുമൂലം വലിയ ബുദ്ധിമുട്ടുണ്ടാ ക്കി. കുട്ടികളുടെ പ്രവേശനത്തിന് തടസ്സം സൃഷ്ടിക്കുകയും സ്കൂളിൽ കുട്ടികളുടെ എണ്ണം കുറയാൻ കാരണമാകുകയും ചെയ്തു. 1998-ൽ സ്കൂളിന് പ്രത്യേക ഹെഡ്മാസ്റ്റർ തസ്തിക അനുവദിക്കുകയും ഡയറ്റിൽ നിന്ന് വേർപ്പെട്ട് പോരുകയും ചെയ്തു.

1961-ൽ ആദ്യത്തെ എസ്.എസ്.എൽ.സി ബാച്ച് പുറത്തിറങ്ങുമ്പോൾ വളരെയധികം ഡിവിഷനുകൾ ഹെസ്കൂളിന് ഉണ്ടായിരുന്നു. കുറച്ച് കാലം മുമ്പുവരെ ആ സ്ഥിതി തുടർന്നു. കേരളത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിച്ച സമയത്തു തന്നെ 1984-ൽ വി.എച്ച്.എസ്.ഇ അഗ്രികൾച്ചർ വിഭാഗത്തിന്റെ 2 കോഴ്സുകൾ ആരംഭിച്ചു. 1990ൽ ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ 2 കോഴ്സുകൾ കൂടി ആരംഭിച്ച് ഇപ്പോൾ 4 കോഴ്സുകളായി വി.എച്ച്.എസ്.ഇ വിഭാഗം പ്രവർത്തിക്കുന്നു. അന്നു മുതൽ ഗവ.ഹൈസ്കൂൾ രാമവർമ്മപുരം എന്നത്. ജി.വി.എച്ച്.എസ്.എസ് രാമവർമ്മപുരം എന്നായി മാറി. 3ഏക്കർ മാത്രം വിസ്തൃതി ഉണ്ടായിരുന്ന ഈ സ്കൂളിന് 2016ൽ എച്ച്.എം. ശ്രീമതി സീന എ.സി.യുടെ ഇടപെടലിലൂടെ സ്കൂളിന്റെ പുറകുവശത്ത് പുറംപോക്കായി കിടന്നിരുന്ന 3.25 ഏക്കർ ഭൂമി ഇതിനോട് ചേർക്കപ്പെടുകയും അന്നുമുതൽ 3.25 ഏക്കർ വിസ്തൃതമായ സ്കൂൾ കോമ്പൗണ്ടായി രൂപപ്പെടുകയും ചെയ്തു. അന്നുമുതൽ സ്കൂളിന് വിശാലമായ കളിസ്ഥലവും കൃഷിസ്ഥലവും ലഭിച്ചു.

യു.പി. കോമ്പൗണ്ട് ഇതിനോട് ചേർക്കപ്പെടുമ്പോൾ മൊത്തം 12.25 ഏക്കറിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു വിദ്യാഭ്യാസ സമുച്ചയം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുകയാണ്. ഇതുകൂടാതെ ഗ്രൗണ്ടിനോട് ചേർന്നു കിടക്കുന്ന 2.25 ഏക്കർ ഭൂമി ഇതിനോട് ചേർക്കപ്പെടുന്നതിനു വേണ്ടി എച്ച.എം. സീന ടീച്ചർ കോർപ്പറേഷന് അപേക്ഷ നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ അനുമതിയോടെ അതിനുവേണ്ട പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

# 4.വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

- സ്വയം പര്യാപ്തതയിലും സ്വാശ്രയത്വത്തിലും ഊന്നിയ ഗാന്ധിയൻ ചിന്താഗതി പ്രാവർത്തികമാക്കുന്ന ഒരിടമായി നമ്മുടെ വിദ്യാലയത്തെ നവീകരിക്കുക.
- ജനാധിപത്യബോധം, ശാസ്ത്രാവബോധം, മതേതരത്വ മനോഭാവം, ക്രിയാത്മക സർഗാത്മക ചിന്ത, അന്വേഷണ പാഠവം, നേതൃത്വപാഠവം, തുടങ്ങിയ മനോഭാവങ്ങളും മൂല്യങ്ങളും രൂപപ്പെടുത്താനുതകുന്ന സാഹചര്യം വിദ്യാലയത്തിൽ സൃഷ്ടിക്കൽ
- നമ്മുടെ സാംസ്കാരിക പൈതൃകത്തോടും ചരിത്രത്തോടും ആദരപൂർണ്ണമായ മനോഭാവം പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്യൽ
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന വിദ്യാലയന്തരീക്ഷം ഒരുക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുക
- വരും തലമുറയ്ക്കായി ഭൂമിയെ കാത്തുസൂക്ഷിച്ച് സുസ്തിരവികസനം സാധ്യമാക്കജശ

# 5. പദ്ധതി രൂപീകരണപ്രക്രിയ-വിവിധ ഘട്ടങ്ങൾ

I. എസ്.ആർ.ജി. യോഗത്തിൽ രാമവർമ്മപുരം ഹൈസ്കൂൾ - 'സ്വപ്നം 2030' എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

II. വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

III. കരട് രൂപരേഖ
എസ്.ആർ.ജി.എസ്.എം.സി,പി.ടി.എ,ഒ.എസ്.എ,എസ്.ഡി.സി രാഷ്ട്രീയ സംഘടന പ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപ്പശാലയിൽ അവതരിപ്പിക്കൽ

IV. ശിൽപ്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

V. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## 6. നിലവിലെ അവസ്ഥാ വിശകലനം

| | | |
|---|---|---|
| Name of School | : | G.B.H.S.S RAMAVARMAPURAM |
| Place of School | : | Ramavarmapyram, Thrissur |
| Pin code | : | 680631 |
| School Code | : | 22082 |
| Phone Number of School | : | 0487 2333868 |
| Name of Village | : | Viyyur |
| Name of CRC | : | G.U.P.S RAMAVARMAPURAM |
| Name of Corporation | : | Thrissur |
| Ward Number | : | VI |
| Name of Education District | : | Thrissur |
| Name of District | : | Thrissur |
| Name of HM | : | Lazeena V.C |
| Mobile Number of HM | : | 8592861294 |
| Teachers | : | 5 |
| Officer Staff | : | 5 |
| Area of School compound | : | 6.25 Acres |
| UDISE NUMBER | : | 32071803402 |

# 7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

**ഒറ്റനോട്ടത്തിൽ**

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം | • ചിൽഡ്രൻസ് പാർക്ക് | • പി.ടി.എ ശക്തിപ്പെടുത്തൽ |
| • ഗണിതശേഷി വികസനം | • ക്ലാസ്സ് മുറികൾ | • എസ്.എം.ഡി, എസ്എം.ഡി.സി കാര്യക്ഷമമാക്കൽ |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • ഓഫീസ് മുറി | • വിദ്യാലയ വികസനസമിതി |
| • ശാസ്ത്രപോഷണ പരിപാടി | • സ്റ്റാഫ് മുറി | • പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • വായനാ പരിപോഷണം | • വിശ്രമ മുറി | • എസ്.എസ്.ജി |
| • ലൈബ്രറി ശാക്തീകരണം | • കമ്പ്യൂട്ടർ ലാബ് | • എൽ.എസ്.ജി ബന്ധം |
| • ലബോറട്ടറി ആധുനികവൽക്കരിക്കൽ | • മൾട്ടിമീഡിയ ലാബ് | • ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ വിദ്യഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ പ്രയോജനപ്പെടുത്തൽ |
| • പ്രതിഭാപോഷണ പരിപാടി | • ലൈബ്രറി | • ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| • നാടകകളരി | • അടുക്കള | • വിദ്യാലയ മികവുകൾ പൊതുസമൂഹമായി പങ്കിടൽ |
| • സാമൂഹ്യശാസ്ത്രപരിപോഷണ പരിപാടി | • ഡൈനിങ് ഹാൾ | • വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു വേണ്ടി പ്രയോജനപ്പെടുത്തൽ |
| • ജൈവവൈവിധ്യ പാർക്ക് | • അസംബ്ലി ഹാൾ | • റിസോഴ്സ് മാപ്പിംഗ് |
| • സാഹിത്യപോഷണ പരിപാടികൾ | • കുടിവെള്ള വിതരണം | |
| • പഠനയാത്രകൾ | • മാലിന്യ സംസ്കരണം | |
| • സെമിനാറുകൾ | • ടോയ്‌ലറ്റ് | |
| • കലാകായികമേള | • ലബോറട്ടറി | |
| • ഐ.ടി.പരിശീലനം | • ജന്മദിനത്തിനൊരു പുസ്തകം | |
| • അദ്ധ്യാപക ശാക്തീകരണ പരിപാടികൾ | • ചിത്രരചന | |
| • ക്ലാസ്സ് പി.ടി.എ സജീവമാക്കൽ | • എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം | |
| • സ്കൂൾ പത്രം/ മാസിക | • എന്റെ ചെടി എനിക്കും പറയാനുണ്ട് | |
| • പ്രവർത്തി പരിചയപഠനം | • ഭാഷോത്സവം | |
| • എസ്.ആർ.ജി. ശാക്തീകരണം | • ഗണിതോത്സവം | |
| • ശാസ്ത്രാഭിരുചി വളർത്തൽ | • മെട്രിക് മേള | |
| • പച്ചക്കറിത്തോട്ടം | | |

# പദ്ധതി വിശദാംശങ്ങൾ

**പ്രവർത്തനം 1**
**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസവും | ക്ലാസ്സ് ടീച്ചർ | ----- |

**പ്രവർത്തനം 2**
**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | ——— |

**പ്രവർത്തനം 3**
**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയേറ്റർ**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ ഉദാ: Skit, Conversation, Drama etc. | പ്രതിമാസ പരിപാടി | എച്ച്.എം. ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000 പി.ടി.ഐ |

പ്രവർത്തനം 4
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ
ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>Sept. : Onam etc | പ്രതിമാസ പരിപാടി | എച്ച്.എം ഇംഗ്ലീഷ് അദ്ധ്യാപിക | 2000 (പരസ്യത്തിലൂടെ കണ്ടെത്താം) |

പ്രവർത്തനം 5
പേര് : ഇംഗ്ലീഷ് ഫെസ്റ്റ്
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ പ്രസിഡന്റ് എച്ച്.എം | 10,000 (പ്രതിവർഷം സി.എസ്.ആർ ഫണ്ട്) |

പ്രവർത്തനം 6
പേര് : **ഇംഗ്ലീഷിൽ കത്തെഴുത്ത്** (English pen friends)
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവെയ്ക്കൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 10000/- (പി.ടി.ഐ ഫണ്ട്) |

**പ്രവർത്തനം 7**
**പേര്** : **ഇംഗ്ലീഷ് ചാറ്റിംഗ്**
**ഉപമേഖല** : **ഇംഗ്ലീഷ് പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്ന തിൽ ശേഷി നേടൽ | വിദേശരാജ്യങ്ങളിൽ സമാന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥി കളുമായി സ്കൈപ്പ് മുഖേന ഇംഗ്ലീഷിൽ ആശയവിനിമയം | മാസത്തിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ | --- |

**പ്രവർത്തനം 8**
**പേര്** : Translation of Malayalam childrens books of English
(മലയാളകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ)
**ഉപമേഖല** : **ഇംഗ്ലീഷ് പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണ്യം നേടൽ | ലളിതമായ മലയാളസാഹിത്യം കൃതികൾ ആശയം ചോർന്നു പോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീ കരിക്കൽ | വർഷത്തിൽ രണ്ടു പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20,000 സി.എ സ്.ആർ ഫണ്ട്) |

**പ്രവർത്തനം 9**
**പേര്** : **ഗ്രാമർ സ്കൂൾ**
**ഉപമേഖല** : **ഇംഗ്ലീഷ് ഭാഷാപഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കു വാൻ കഴിവുനേടൽ | അവധി ദിവസങ്ങളിൽ വ്യാകര ണത്തിന് പ്രാധാന്യം നൽകിയി ട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | 5000/- പൂർവ്വ വിദ്യാർത്ഥി സംഘടനം |

**പ്രവർത്തനം 10**
**പേര് : പ്രസംഗ തർജ്ജമ**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം 11**
**പേര് : പദപ്രശ്ന നിർമ്മാണം**
**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | --- |

**പ്രവർത്തനം 12**
**പേര് : ഇംഗ്ലീഷ് കോർണർ**
**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | --- |

**പ്രവർത്തനം 13**
**പേര്** : **രചന ശിൽപ്പശാല**
**ഉപമേഖല** : **മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/രചനാ ശിൽപ്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സുമുറിയിലെ പഠനസാമഗ്രിയായി മേൽപറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യവേദി | 5000/ 5000/ സ്പോൺസർഷിപ്പ് |

**പ്രവർത്തനം 14**
**പേര്** : **ബ്ലോഗ് നിറയ്ക്കൽ യജ്ഞം**
**ഉപമേഖല** : **ഭാഷാശേഷി വികസനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| രചനകൾ മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം എസ്.ഐ.റ്റി.സി | |

**പ്രവർത്തനം 15**
**പേര്** : **സർഗ്ഗ സല്ലാപം**
**ഉപമേഖല** : **ഭാഷാ വികസനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ. പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം & പി.ടി.എ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 16

പേര് : ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം. പി.ടി.എ ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 17

പേര് : നാടകകളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ്ബ് | -- |

പ്രവർത്തനം 18

പേര് : അഭിമുഖങ്ങൾ/സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യക്കാരന്മാരുമായി അഭിമുഖം നടത്തൽ സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ | 10000/- (ഒ.എസ്.എ) |

**പ്രവർത്തനം 19**
**പേര്** : **പാവനാടക പരിശീലന ശിൽപ്പശാല**
**ഉപമേഖല** : **സർഗ്ഗാത്മക വികസനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. എസ്.ജി | 5000/- |

**പ്രവർത്തനം 20**
**പേര്** : **കുട്ടീസ് റേഡിയോ**
**ഉപമേഖല** : **ഭാഷയുടെ പ്രകടനപരത**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ സംപ്രേക്ഷണം കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവുസമയങ്ങളിൽ | എസ്. ആർ.ജി | 25,000/- വ്യവസായഗ്രൂപ്പ് സ്പോൺസർഷിപ്പ് |

**പ്രവർത്തനം 21**
**പേര്** : **സ്കൂൾവിഷൻ**
**ഉപമേഖല** : **സമഗ്രവികസനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | വിദ്യാലയ സ്റ്റുഡ്യോയിൽ നിന്നും ക്ലാസ്സുകളിൽ സ്ഥാപിച്ചിരിക്കുന്ന ടി.വി.കളിലേക്ക് കുട്ടികളുടെ കലാപരിപാടികളുടെ സംപ്രേക്ഷണം അസംബ്ലി പൊതുപരിപാടികളുടെ സംപ്രേക്ഷണം | എല്ലാ ദിവസവും ഇടവേളകളിൽ | എസ്.ആർ. ജി. | 50,000/-സി.എസ്. ആർ ഫണ്ട് |

**പ്രവർത്തനം 22**
**പേര്** : **ദിനാചരണങ്ങൾ**
**ഉപമേഖല** : **സമഗ്രവികസനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്. ആർ.ജി | |

**പ്രവർത്തനം 23**
**പേര്** : **ഒറിഗാമി ശിൽപ്പശാല**
**ഉപമേഖല** : **അക്കാദമികം/ഗണിതശേഷികൾ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും ജപ്പാനീസ് കലയായ ഒറിഗാമിയുടെ ഗണിശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ പരിശീലനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി ഒ.എസ്.എ | 1000/- ഒ.എസ്.എ |

**പ്രവർത്തനം 24**
**പേര്** : **ഗണിതലാബ് സജ്ജീകരിക്കൽ**
**ഉപമേഖല** : **അക്കാദമികം/ഗണിതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിതക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്. ആർ.ജി ഗണിതക്ലബ്ബ് | |

**പ്രവർത്തനം 25**
**പേര് : ഗണിത പാർക്ക്**
**ഉപമേഖല : അക്കാദമികം/ഗണിതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- (പി.ടി.എ) |

**പ്രവർത്തനം 26**
**പേര് : ശാസ്ത്രലാബ് നവീകരിക്കൽ**
**ഉപമേഖല : അക്കാദമികം/ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിനെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ, സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

**പ്രവർത്തനം 27**
**പേര് : ശാസ്ത്രപോഷണ പരിപാടി**
**ഉപമേഖല : അക്കാദമികം /ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാത്രത്തിന്റെ രീതി ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | |

**പ്രവർത്തനം 28**
**പേര് : പ്രതിഭാപോഷണ പരിപാടി**
**ഉപമേഖല : അക്കാദമികം/ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി എസ്.ആർ.ജി | 5000/- (സ്പോൺസർഷിപ്പ്) |

**പ്രവർത്തനം 29**
**പേര് : ശാസ്ത്രയാത്രകൾ (Field Trips)**
**ഉപമേഖല : അഅക്കാദമികം/ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹ കേന്ദ്രം ശാസ്ത്രപദപ്രദർശനങ്ങൾ മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം യാത്രകൾ | സയൻസ്ക്ലബ്ബ് പി.ടി.എ | 15000/- (ഒ.എസ്.എ) |

**പ്രവർത്തനം 30**
**പേര് : മേളകൾ**
**ഉപമേഖല : അക്കാദമികം/ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

**പ്രവർത്തനം 31**
**പേര്** : **സാമൂഹ്യ ശാസ്ത്രലാബ്**
**ഉപമേഖല** : **അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000പി.ടി.എ |

**പ്രവർത്തനം 32**
**പേര്** : **പഠനയാത്രകൾ**
**ഉപമേഖല** : **അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ആഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നു വീതം | എസ്. ആർ.ജി | 20000/- സ്പോൺസർഷിപ്പ് |

**പ്രവർത്തനം 33**
**പേര്** : **ഡിബേറ്റ് ക്ലബ്ബ്**
**ഉപമേഖല** : **അക്കാദമികം/സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ നടത്തി നവീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ് പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നു വീതം | എസ്. ആർ.ജി | 10,000 എസ്. ഡി.എ |

പ്രവർത്തനം 34
പേര് : മോക്ക് പാർലമെന്റ്
ഉപമേഖല : അക്കാദമികം/സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം<br>1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4. ക്രിസ്മസ് സമ്മേളനം<br>5. വേനൽക്കാല സമ്മേളനം | എസ്.ആർ.ജി സ്കൂൾ പാർലമെന്റ് | |

പ്രവർത്തനം 35
പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ
ഉപമേഖല : അക്കാദമികം/സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് പുസ്തകങ്ങൾ അറ്റ്ലസുകൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്രവായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 36
പേര് : ബുള്ളറ്റ് ബോർഡ്
ഉപമേഖല : അക്കാദമികം/ സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- (പി.ടി.എ) |

**പ്രവർത്തനം 37**
**പേര്** : **രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ**
**ഉപമേഖല** : **അക്കാദമികം/ഹിന്ദി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നു വീതം | ഹിന്ദി ക്ലബ്ബ് | 5000/- (എസ്.എസ്.ജി) |

**പ്രവർത്തനം 38**
**പേര്** : **കലാമണ്ഡലം**
**ഉപമേഖല** : **അക്കാദമികം/കലാ-വിദ്യാഭ്യാസം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം, ചെണ്ട, സംഗീതം, തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡപം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം, അവധി ദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | ആർട്ട്സ് ക്ലബ്ബ്/ കലാദ്ധ്യാപകൻ | 200000/- (സി.എസ്.ആർ ഫണ്ട്) |

**പ്രവർത്തനം 39**
**പേര്** : **ചിത്രരചനാകളരി**
**ഉപമേഖല** : **അക്കാദമികം/കലാ-വിദ്യാഭ്യാസം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചന പരിശീലനം | മദ്ധ്യവേനൽ അവധിക്കാലം (5 ദിവസം) | എസ്.ആർ.ജി | 10000/- (എസ്.ഡി.സി) |

**പ്രവർത്തനം 40**
**പേര്** : **കായിക പരിശീലനം**
**ഉപമേഖല** : **അക്കാദമികം/ കായികവിദ്യാഭ്യാസം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായികപരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3ദിവസം) | പി.ടി.എ കായിക അദ്ധ്യാപകൻ | 10000/- സ്പോൺസർഷിപ്പ് |

**പ്രവർത്തനം 41**
**പേര്** : **കായിക താരങ്ങൾക്ക് അവാർഡ്/സമ്മാനങ്ങൾ**
**ഉപമേഖല** : **അക്കാദമികം/കായിക വിദ്യാഭ്യാസം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| അവാർഡ്/സമ്മാനം നൽകി ആദരിക്കൽ | സ്ക്കൂൾതലം, ഉപജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മെമെന്റോയും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്കു ശേഷം | എച്ച്.എം. കായിക അദ്ധ്യാപകൻ | 5000 സ്പോൺസർഷിപ്പ് |

**പ്രവർത്തനം 42**
**പേര്** : **മെഡിക്കൽ ക്യാമ്പ്**
**ഉപമേഖല** : **അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒന്നു വീതം | എച്ച്.എം. പി.ടി.എ | 10000/- പി.ടി.എ |

**പ്രവർത്തനം 43**
**പേര്** : **പച്ചക്കറിത്തോട്ടം**
**ഉപമേഖല** : **അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിതോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ.ജി എസ്.എസ്.ജി | 5000 |

**പ്രവർത്തനം 44**
**പേര്** : **ജൈവവൈവിധ്യപാർക്ക്**
**ഉപമേഖല** : **അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി | |

**പ്രവർത്തനം 45**
**പേര്** : **ക്ലാസ്സ് പി.ടി.എ സജീവമാക്കൽ**
**ഉപമേഖല** : **അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം പൊതുചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 46**
**പേര്** : **പോഷകാഹാരപരിപാടി**
**ഉപമേഖല** : **അക്കാദമികം/ഗണിതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ എച്ച്.എം. പി.ടി.എ | |

**പ്രവർത്തനം 47**
**പേര്** : **സമഗ്ര പോർട്ടൽ ശിൽപ്പശാല**
**ഉപമേഖല** : **അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ ഐ.ടി.@ സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്.ആർ.ജിയുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ സമയലഭ്യതയനുസരിച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്. ആർ.ജി | |

**പ്രവർത്തനം 48**
**പേര്** : **ലോകസഞ്ചാരം**
**ഉപമേഖല** : **അക്കാദമികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന ഒരു ഭിത്തിയിൽ വലുതായി ചിത്രീകരിക്കണം. ദിവസവും ദിനപത്രങ്ങൾ പരിശോധിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിക്കുന്നു. മാസാവസാനം വാർത്തകൾ മുഴുവൻ പൊളിച്ചു മാറ്റി പ്രവർത്തനം തുടരാം. | പ്രതിദിനം | എസ്. ആർ.ജി | |

**പ്രവർത്തനം 49**
**പേര്** : **ഗണിതലാബ് സജ്ജീകരിക്കൽ**
**ഉപമേഖല** : **അക്കാദമികം/ഗണിതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയതിക്കു താഴെ ഒട്ടുമിക്ക ഒരു വർഷം കഴിയുമ്പോൾ ചരിത്ര കലണ്ടർ രൂപപ്പെടും | പ്രതിദിനം | എസ്. ആർ.ജി | |

# കുട്ടികളുടെ എണ്ണം

**2021–2022**

| വിഭാഗം | X | | IX | | VIII | | ആകെ | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 14 | 0 | 6 | 0 | 7 | 0 | 27 | 0 |
| ആകെ | | | | | | | | |

**2022–2023**

| വിഭാഗം | X | | IX | | VIII | | ആകെ | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 5 | 0 | 7 | 0 | 2 | 4 | 14 | 4 |
| ആകെ | 5 | | 7 | | 6 | | 18 | |

**2023–24**

| വിഭാഗം | X | | IX | | VIII | | ആകെ | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 9 | 0 | 3 | 4 | 6 | 0 | 18 | 4 |
| ആകെ | 9 | | 7 | | 6 | | 22 | |

**2024–2024**

| വിഭാഗം | X | | IX | | VIII | | ആകെ | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 3 | 4 | 6 | 0 | 5 | 1 | 14 | 5 |
| ആകെ | 7 | | 6 | | 6 | | 19 | |

# 8. മികവുകൾ, നേട്ടങ്ങൾ

## 9.

- ❖ എസ്.എസ്.എൽ.സിക്ക് തുടർച്ചയായി എട്ടാം തവണയും 100%
- ❖ ക്ലാസ്സ് പി.ടി.എ
- ❖ വിജ്ഞാനോത്സവം
- ❖ പൂർവ്വ വിദ്യാർത്ഥ സംഘം
- ❖ മികവാർന്ന ദിനാചരണങ്ങൾ
- ❖ ഗൃഹസന്ദർശനം
- ❖ വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ബാഗ് പഠനോപകരണങ്ങൾ വിതരണം
- ❖ നവാഗതർക്ക് സൈക്കിൾ വിതരണം
- ❖ പഠന യാത്ര
- ❖ വിനോദയാത്ര
- ❖ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലെ മികച്ച പങ്കാളിത്തം
- ❖ കോർപ്പറേഷനും വിവിധ സംഘടനകളും നടത്തുന്ന പരിപാടികളിൽ വിദ്യാർത്ഥികളുടെ സ്ഥിര സാന്നിധ്യം
- ❖ പോഷക സമ്പുഷ്ടമായ ഉച്ചഭക്ഷണ പദ്ധതി
- ❖ പഠനോത്സവം

## 9. പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു.

## 10. മോണിറ്ററിങ്ങ് രീതി

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിങ്ങ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു
- സോഷ്യൽ മോണിറ്ററിങ്ങ് രീതി (P.T.A, M.P.T.A, S.S.G, S.R.G, O.S.A) എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ദൈന്യംദിന മോണിറ്ററിങ്ങ്, എച്ച്.എം/എസ്.ആർ.ജി കൺവീനർ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

# 11.ഉപസംഹാരം

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യത്തുമുള്ളവരാക്കുന്ന മഹാപ്രക്രിയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാക്കുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും ഏതുമില്ലാതും നന്മകളാൽ കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.